# Deepika

## 27 August 2018

# വിദ്യാർഥികളുടെ വീടുകളിൽ സാന്ത്വനവുമായി അധ്യാപകർ



**കടപ്പാറയിൽ ആദിവാസി കോളനിയിലെത്തി അധ്യാപകർ തുണികളും മറ്റും വിതരണം ചെയ്യുന്നു.**

**മംഗലംഡാം:** പ്രളയത്തിൽ ഒറ്റപ്പെട്ടു പോയ കടപ്പാറ ഗവൺമെന്റ് എൽ.പി. സ്കൂളിലെ വിദ്യാർത്ഥികളുടെ വീടുകളിൽ സാന്ത്വനവുമായി അധ്യാപകർ ആദിവാസി കോളനിയിലെത്തി. മഴക്കെടുതി മൂലം സ്കൂളിൽ വരാൻ കഴിയാത്തവരെ ആശ്വസിപ്പിക്കാൻ പ്രധാന അധ്യാപിക ശ്രീലത ടീച്ചറുടെ നേതൃത്വത്തിലായിരുന്നു ഓണസമ്മാനങ്ങളുമായുള്ള സന്ദർശനം.

സർക്കാർ നൽകുന്ന എസ്.ടി. ഗ്രാന്റും, സ്പെഷൽ അരിയും വിദ്യാർത്ഥികളുടെ വീടുകളിൽ നൽകി. ഇതു കൂടാതെ ഹെഡ്മിസ്ട്രസിന്റെ വകയായി മുഴുവൻ വിദ്യാർത്ഥികൾക്കും ഓണക്കോടിയായി പുത്തൻ ഉടുപ്പും സമ്മാനിച്ചു. ലിസി ടീച്ചറും, അരവിന്ദാക്ഷൻ മാസ്റ്ററും ശേഖരിച്ച വസ്ത്രങ്ങളും മറ്റ് സാമഗ്രികളും തദ്ദവസരത്തിൽ വിതരണം ചെയ്തു.